LIBRARY ARCHIVES Kerala Legislative Assembly

പ്രധാൻ മന്ത്രി ഗ്രാമീണ റോഡ് വികസന പദ്ധതി

24 (1398) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി മണ്ഡലത്തിൽ അനുമതി ലഭിച്ചിട്ടും നടപടി പൂർത്തീകരിക്കാത്തതും നിർമ്മാണം ആരംഭിക്കാത്തതുമായ പി.എം.ജി.എസ്.വൈ. (P.M.G.S.Y) റോഡുകളുടെ വിവരങ്ങൾ അറിയിക്കുമോ;

(ബി) ആതിരപ്പിള്ളി, കോടശ്ശേരി പഞ്ചായത്തുകളിലായി കിടക്കുന്ന അതിരുമൂഴി-ചായ്പൻകുഴി റോഡിന്റെ നിർമ്മാണത്തിനായി അനുമതി ലഭിച്ചിട്ടും നിർമ്മാണം ആരംഭിക്കാത്തതിന്റെ കാരണം അറിയിക്കാമോ; പ്രസ്തുത റോഡിന്റെ നിർമ്മാണം ഉടൻ ആരംഭിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) അനുബന്ധം * ആയി ചേർത്തിരിക്കുന്നു.

(ബി) അതിരുമൂഴി-ചായ്പൻകുഴി എന്ന പേരിലുള്ള റോഡ് പി.എം.ജി.എസ്.വൈ-യിൽ ഏറ്റെടുത്തിട്ടില്ല. എന്നാൽ അതിരുമൂഴി സൗത്ത് വെട്ടിക്കുഴി എന്ന പേരിൽ ഒരു റോഡിന്റെ ഡീറ്റെയ്ൽഡ് പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി കേന്ദ്രസർക്കാരിൽ നിന്നും അനുമതി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

ചാലക്കുടി ബ്ലോക്ക് പഞ്ചായത്തിന്റെ കടമുറികൾ

25 (1399) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി ബ്ലോക്ക് പഞ്ചായത്ത് പണികഴിപ്പിച്ചിട്ടുള്ള കെട്ടിട സമുച്ചയത്തിൽ കടമുറികൾ വാടകയ്ക്ക് നൽകുന്നതിന് അനുമതി ലഭിക്കുന്നതിനായി സമർപ്പിച്ചിട്ടുള്ള അപേക്ഷയിൽ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) അനുമതി നൽകുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

ഉത്തരം

(എ&ബി) നടപടി സ്വീകരിച്ചുവരുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.